**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3250** **11-03-2025 - ൽ മറുപടിയ്ക്ക്**

**നിയമന അംഗീകാരം ലഭിക്കാത്ത അധ്യാപകർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സ്കൂളുകളിൽ നിയമന അംഗീകാരം ലഭിക്കാത്ത എത്ര അധ്യാപകർ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്ന വിശദാംശം ഹൈസ്കൂൾ/ ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി അടിസ്ഥാനത്തിൽ ജില്ല തിരിച്ച് വിഷയം തിരിച്ച് വ്യക്തമാക്കുമോ; | (എ) | വിവരം ശേഖരിച്ചുവരുന്നു |
| (ബി) | ഇതിൽ അഞ്ചു വർഷത്തിലും പത്തു വർഷത്തിലും അധികമായി ജോലി ചെയ്യുന്ന എത്രപേരുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു |
| (സി) | പ്രസ്തുത അധ്യാപകർക്ക് ശമ്പളം നൽകാനുള്ള വ്യവസ്ഥ എന്താണ്; നിയമന അംഗീകാരം ലഭിക്കാത്തതിനാൽ ശമ്പളം ലഭിക്കാത്ത എത്ര അധ്യാപകരുണ്ട് ഹൈസ്കൂൾ/ഹയർസെക്കൻഡറി/ വൊക്കേഷൻ ഹയർ സെക്കൻഡറി അടിസ്ഥാനത്തിൽ വിശദാംശം ജില്ല തിരിച്ച് വിഷയം തിരിച്ച് വ്യക്തമാക്കുമോ ; | (സി) | ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് നിയമനം തടസ്സപ്പെട്ടു നിൽക്കുന്നവരുടെ നിയമനം അംഗീകരിക്കുന്നതിനായി ജെ.ആർ.1/502/2023-പൊ.വി.വ തീയതി 01/11/2023 ലെ കത്ത് പ്രകാരം, റോസ്റ്ററിലെ അപാകതയോ, റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ പരിഗണിക്കാതെ 18/11/2018 നും 08/11/2021 നും ഇടയിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊവിഷണലായും 08/11/2021 ന് ശേഷം ഉണ്ടായ ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിലും ബഹു. ഹൈക്കോടതി, സുപ്രീം കോടതികളിൽ നിലവിലുള്ള കേസുകളിലെ അന്തിമ വിധിക്ക് വിധേയമായി നിയമനം നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരക്കാർക്ക് നിയമനാംഗീകാരം നൽകി ശമ്പളം ലഭ്യമാക്കുന്നുണ്ട്. നിയമന അംഗീകാരം ലഭിക്കാത്ത അധ്യാപകർക്ക് ശമ്പളം നൽകുവാൻ വ്യവസ്ഥയില്ല. നിയമന അംഗീകാരം ലഭിക്കാത്തതിനാൽ ശമ്പളം ലഭിക്കാത്ത എത്ര അധ്യാപകർ ഉണ്ടെന്ന വിവരം ശേഖരിച്ച് വരുന്നു. |
| (ഡി) | ശമ്പളം ലഭിക്കാത്തതിനാൽ ഏതെങ്കിലും അധ്യാപകർ ആത്മഹത്യ ചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; അർഹതപ്പെട്ട അധ്യാപക | (ഡി) | അധ്യാപകർ ആത്മഹത്യ ചെയ്ത കേസിൽ ശമ്പളം ലഭിക്കാത്തതാണോ കാരണമെന്ന് സ്ഥിരീകരിച്ചിട്ടില്ല. അർഹതപ്പെട്ട അധ്യാപക നിയമനങ്ങൾക്ക് പരമാവധി വേഗത്തിൽ അംഗീകാരം നൽകുവാൻ |

| | | | |
|---|---|---|---|
| | നിയമനങ്ങൾക്ക് പരമാവധി വേഗത്തിൽ അംഗീകാരം നൽകിക്കൊണ്ട് മേൽപ്പറഞ്ഞ പ്രതിസന്ധി മറികടക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | സർക്കാരും പൊതു വിദ്യാഭ്യാസ വകുപ്പും ഉത്തരവുകളും നിർദേശങ്ങളും പുറപ്പെടുവിക്കുകയും ആയത് പാലിക്കുന്നുണ്ടോ എന്നതിൽ കൃത്യമായി മേൽനോട്ടം വഹിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ